**മധുരമായ കുട്ടികളേ- ബോധാവസ്ഥയിലിരുന്ന് ബാബയെ ഓർമ്മിക്കണം, മൂക അവ സ്ഥയിൽ പോവുക അല്ലെങ്കിൽ ഉറങ്ങുക-ഇത് യോഗമല്ല.**

**ചോദ്യം** - നിങ്ങൾ കണ്ണുകൾ അടച്ചിരിക്കാൻ പാടില്ല എന്ന് പറയുന്നത് എന്തുകൊണ്ടാണ്?
**ഉത്തരം** - അഥവാ നിങ്ങൾ കണ്ണുകൾ അടച്ചിരിക്കുകയാണെങ്കിൽ കടയിലെ മുഴുവൻ സാധനങ്ങളും കള്ളൻ മോഷ്ടിച്ചുകൊണ്ടുപോകും. മായയാകുന്ന കള്ളൻ ബുദ്ധിയിൽ ഒന്നും തന്നെ ധാരണ ചെയ്യാൻ സമ്മതിക്കില്ല. കണ്ണുകളടച്ച് യോഗത്തിലിരിക്കുകയാണെങ്കിൽ ഉറക്കം വരും. അറിയാൻ പോലും കഴിയില്ല അതുകൊണ്ട് കണ്ണുകൾ തുറന്നിരിക്കണം. ജോലിക്കാര്യങ്ങൾ ചെയ്തും ബുദ്ധി കൊണ്ട് ബാബയെ ഓർമ്മിക്കണം. ഇതിൽ ഹഠയോഗത്തിന്റെ കാര്യമില്ല.

**ഓം ശാന്തി**. ആത്മീയ പിതാവ് കുട്ടികളോട് പറയുകയാണ്, ഇതും കുട്ടിയല്ലേ(ബ്രഹ്മാവ്). ദേഹധാരികളെല്ലാവരും കുട്ടികളാണ്. ആത്മീയ പിതാവ് ആത്മാക്കളോടാണ് പറയുന്നത്, ആത്മാവാണ് മുഖ്യം. ഇത് നല്ലരീതിയിൽ മനസ്സിലാക്കൂ. ഇവിടെ മുന്നിലിരിക്കുമ്പോൾ ശരീരത്തിൽനിന്നും വേർപെട്ട് ധ്യാനത്തിൽ പോവുക എന്നല്ല. ശരീരത്തിൽനിന്നും വേർപെടുന്നതും ധ്യാനത്തിൽ പോകുന്നതും, ഓർമ്മയാകുന്ന യാത്രയുടെ അവസ്ഥയല്ല. ഇവിടെ ഉണർന്നിരിക്കണം. നടക്കുമ്പോഴും കറങ്ങുമ്പോഴും എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ഇവിടെയിരിക്കുമ്പോൾ ബോധം മറക്കൂ എന്നല്ല ബാബ പറയുന്നത് . ഇങ്ങനെ വളരെയധികം പേരുണ്ട് ഇരിക്കെ ഇരിക്കെ ധ്യാനത്തിൽ പോകുന്നവർ. നിങ്ങൾക്ക് ഉണർന്നിരിക്കണം കൂടാതെ പവിത്രമായി മാറണം. പവിത്രതയില്ലാതെ ധാരണയുണ്ടാകില്ല, ആരുടേയും മംഗളം ചെയ്യാൻ സാധിക്കില്ല, ആർക്കും പറഞ്ഞുകൊടുക്കാനും സാധിക്കില്ല. സ്വയം പവിത്രമായിരിക്കാതെ മറ്റുള്ളവരോട് പറയുന്നത് പണ്ഡിതനെപ്പോലെയാകും. മിഥ്യാജ്ഞാനിയായി മാറരുത്, അങ്ങിനെയുള്ളവരുടെ ഹൃദയം കുറ്റബോധത്താൽ കാർന്നുകൊണ്ടിരിക്കും. ഞങ്ങൾ ധ്യാനത്തിൽ പോവുകയാണ് എന്ന് കരുതരുത്. കണ്ണുകൾ അടഞ്ഞിരിക്കുന്നത്, ഓർമ്മയാകുന്ന യാത്രയുടെ അവസ്ഥയല്ല, ഇവിടെ ചൈതന്യാവസ്ഥയി ലിരുന്ന് ബാബയെ ഓർമ്മിക്കണം. ഉറങ്ങുന്നത് ഒരിക്കലും ഓർമ്മയാകുന്ന യാത്രയല്ല. കുട്ടികൾക്ക് പല പോയിന്റുകൾ മനസ്സിലാക്കിത്തരികയാണ്. ശാസ്ത്രങ്ങളിൽ കാണിച്ചിട്ടുണ്ട് - ഏഴാമത്തെ ലോകത്തേക്ക് പോകുമെന്ന്, അവർക്ക് ലോകം തന്നെ അറിയുന്നില്ല. നിങ്ങൾക്ക് ലോകത്തെക്കുറിച്ചറിയാമല്ലോ. ഇത് വളരെ മോശപ്പെട്ട ലോകമാണ്. ബാബയെ ആരും അറിയുന്നില്ല. അഥവാ ബാബയെ അറിയുകയാണെങ്കിൽ സൃഷ്ടിചക്രത്തേയും അറിയണം. ബാബ പറഞ്ഞുതരികയാണ് ഈ സൃഷ്ടിചക്രം എങ്ങിനെയാണ് കറങ്ങുന്നത്. മനുഷ്യർ എങ്ങനെ പുനർജ്ജന്മം എടുക്കുന്നു. സത്യയുഗത്തിൽ നീണ്ട ആയുസ്സുണ്ടാകുമെങ്കിലും മുഖത്തിന് ചുളിവ് സംഭവിക്കില്ല. ബാക്കി സന്യാസിമാരുടേത് ഹഠയോഗമാണ്. കണ്ണുകളടക്കുക, ഗുഹകളിലിരുന്നിരുന്ന് മുഖഛായ തന്നെ മാറിപോകും... നിങ്ങളോട് ബാബ പറയുകയാണ് ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും ഉണർന്നിരിക്കണം. ധ്യാനത്തിൽ പോകുന്നത്, (മൂകത) ഇതൊരവസ്ഥയല്ല. ജോലികളെല്ലാം ചെയ്യണം ഗൃഹസ്ഥവ്യവഹാരവും സംരക്ഷിക്കണം. മൂകതയിലേക്ക് പോകരുത്. ജോലികളെല്ലാം ചെയ്തും ബുദ്ധിയിലൂടെ ബാബയെ ഓർമ്മിക്കണം. ജോലികളെല്ലാം ചെയ്യുമ്പോൾ കണ്ണുകൾ തുറന്നല്ലേ ചെയ്യാറുള്ളത്. ജോലികളെല്ലാം ചെയ്തുകൊണ്ടിരിക്കൂ. ബുദ്ധിയുടെ യോഗം ബാബയോടൊപ്പമായിരിക്കണം. ഇതിൽ ഉപേക്ഷ കാണിക്കരുത്. കടയിൽ കണ്ണുകളടച്ചിരിക്കുകയാണെങ്കിൽ ആരെങ്കിലും സാധനങ്ങൾ എടുത്തുകൊണ്ടുപോകുന്നത് അറിയാൻ പോലും കഴിയില്ല. ഇതൊരിക്കലും മനസ്സിന്റെ അവസ്ഥയല്ല. നാം ദേഹത്തിൽനിന്നും വേറിടുന്നത്, ഇതെല്ലാം ഹഠയോഗികളുടെ കാര്യങ്ങളാണ്. ചെപ്പടി വിദ്യക്കാരാണ് ചെയ്യുക. ബാബ നല്ലരീതിയിൽ മനസ്സിലാക്കിത്തരികയാണ്, ഇതിൽ കണ്ണുകളടക്കേണ്ട.

ബാബ പറയുകയാണ് മിത്രസംബന്ധികളെ ഓർമ്മിക്കുക, അതെല്ലാം മറക്കൂ. ഒരു ബാബയെ ഓർമ്മിക്കണം. ഓർമ്മയുടെ യാത്രയിലല്ലാതെ പാപം ഭസ്മമാകുന്നില്ല. സൂക്ഷ്മവതനത്തിലേക്ക് ഭോഗ് കൊണ്ടുപോകാറുണ്ട് പെട്ടെന്ന് ധ്യാനത്തിൽ പോകും. ഇതിലെന്താണ് സംഭവിക്കുന്നത്? ഈ അവസ്ഥയിൽ എത്ര സമയം അവിടെയിരുന്നാലും വികർമ്മം വിനാശമാകുന്നില്ല. ശിവബാബയെ ഓർമ്മിക്കുന്നില്ല. ബാബയുടെ വാണി കേൾക്കാൻ സാധിക്കുന്നില്ല. നഷ്ടമാണ് ഉണ്ടാകുന്നത്. പക്ഷേ ഇതും ഡ്രാമയിൽ അടങ്ങിയതാണ്. പിന്നീട് വന്ന് മുരളി കേൾക്കും. അതുകൊണ്ടാണ്, ബാബ പറയുന്നത് പോകൂ,ഉടൻ മടങ്ങിവരൂ. ഇരിക്കേണ്ട. ഈ ലീലകളെല്ലാം ബാബ നിർത്തലാക്കിയതാണ്. ഈചുറ്റിക്കറങ്ങലും, കരച്ചിൽ ആകുന്നില്ലേ. ഭക്തിമാർഗ്ഗത്തിൽ

കരച്ചിലും പിഴിച്ചിലും വളരെയധികം ഉണ്ട് കാരണം ഇരുട്ടിന്റെ മാർഗ്ഗമല്ലേ. മീര ധ്യാനത്തിൽ വൈകുണ്ഠത്തിൽ പോയിട്ടുണ്ടായിരുന്നു. ഇത് യോഗമോ പഠിപ്പോ ആയിരുന്നില്ല. മീരക്കെന്താ സത്ഗതി ലഭിച്ചോ? സ്വർഗ്ഗത്തിലേക്ക് പോകാൻ യോഗ്യയായി മാറിയോ? ജന്മജന്മാന്തരങ്ങളിലേക്ക് പാപം ഭസ്മമായോ? ഒന്നുമില്ല. ജന്മജന്മാന്തരങ്ങളിലെ പാപം ബാബയുടെ ഓർമ്മയിലൂടെയാണ് ഭസ്മമാകുന്നത്. ബാക്കി സാക്ഷാത്കാരത്തിലൊന്നും ഒരു പ്രയോജനവുമില്ല. അത് കേവലം ഭക്തിയാണ്. ഓർമ്മയും ഇല്ല ജ്ഞാനവും ഇല്ല. ഭക്തിമാർഗ്ഗത്തിൽ ഇതൊന്നും പഠിപ്പിക്കാൻ ആരും തന്നെയില്ല സത്ഗതിയും നേടുന്നില്ല. എത്രതന്നെ സാക്ഷാത്കാരം ഉണ്ടായിക്കോട്ടെ, ആരംഭത്തിൽ പെൺകുട്ടികൾ എത്രയോ പേർ സ്വയം പോയിട്ടുണ്ടായിരുന്നു. മമ്മയും ബാബയും പോയിട്ടുണ്ടായിരുന്നില്ല. ആരംഭത്തിൽ ബാബക്ക് കേവലം സ്ഥാപനയുടേയും വിനാശത്തിന്റേയും സാക്ഷാത്കാരം ഉണ്ടായി. പിന്നീട് ഉണ്ടായിട്ടില്ല. ഞാൻ ആരെയും പറഞ്ഞയച്ചിട്ടുമില്ല. ശരി, ചിലരെ ഇരുത്തികൊണ്ട് പറയും ബാബാ ഇവരെ ആകർഷിച്ച് വലിക്കൂ. അതും ഡ്രാമയിലുണ്ടെങ്കിൽ വലിക്കും, ഇല്ലെങ്കിലില്ല. അനവധി പേർക്ക് സാക്ഷാത്കാരം ഉണ്ടാകുന്നുണ്ട്. ആരംഭത്തിൽ വളരെയധികം പേർക്കും സാക്ഷാത്കാരം ഉണ്ടായിരുന്നു, അന്തിമത്തിലും വളരെയധികം പേർക്കും സാക്ഷാത്കാരം ഉണ്ടാകും, എലിക്ക് പ്രാണവേദന, പൂച്ചക്ക് വിളയാട്ടം... ഇത്രയും അധികം മനുഷ്യരാണ്. അവരെല്ലാവരും ശരീരം ഉപേക്ഷിച്ചുപോകും. ശരീരസഹിതം ആർക്കും സത്യയുഗത്തിലേക്കോ ശാന്തിധാമത്തിലേക്കോ പോകാൻ കഴിയില്ല. എത്രയധികം മനുഷ്യരാണ്, എല്ലാം വിനാശമാകുന്നതാണ്. ബാക്കി ഒരു ആദിസനാതന ദേവീ-ദേവതാധർമ്മത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ് ബ്രഹ്മാവിലൂടെ. നിങ്ങൾ പെൺകുട്ടികൾ ഗ്രാമ-ഗ്രാമങ്ങളിൽ പോയി എത്ര സർവ്വീസ് ചെയ്യുന്നു. ഇതാണ് പറയുന്നത് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. സന്യാസിമാർക്ക് രാജയോഗം പഠിപ്പിക്കാൻ അറിയില്ല. ബാബയല്ലാതെ രാജയോഗം പഠിപ്പിക്കുന്നത് പിന്നെ ആരാണ്? നിങ്ങൾ കുട്ടികൾക്കിപ്പോൾ ബാബ രാജയോഗം പഠിപ്പിക്കുകയാണ്. പിന്നീട് രാജപദവി ലഭിക്കും. നിങ്ങൾ അപാരമായ സുഖത്തിലിരിക്കും. പിന്നീട് അവിടെ ഓർമ്മിക്കേണ്ട ആവശ്യമേ ഇല്ല. അൽപം പോലും ദുഃഖം ഉണ്ടാകുന്നില്ല. ആയുസ്സ് നീണ്ടതായിരിക്കും, ശരീരം നിരോഗിയായിരിക്കും. ഇവിടെ എത്ര ദുഃഖമാണ്. ബാബ ദുഃഖത്തിനുവേണ്ടി ഈ കളി രചിച്ചിട്ടില്ല. ഈ കളി സുഖ-ദുഃഖത്തിന്റേയും ജയ-പരാജയത്തിന്റേയും ആദി അനാദിയായ കളിയാണ്. ഇതെല്ലാ കാര്യങ്ങളും സന്യാസിമാർ അറിയുന്നില്ല. പിന്നെങ്ങനെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അവർ ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ പഠിക്കുന്നവരാണ്. നിങ്ങളോട് പറയുകയാണ് - സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. സന്യാസിമാർ ആത്മാവാണെന്ന് മനസ്സിലാക്കി ബ്രഹ്മത്തെ ഓർമ്മിക്കുന്നു. ബ്രഹ്മത്തെ പരമാത്മാവാണെന്ന് മനസ്സിലാക്കുന്നു, ബ്രഹ്മജ്ഞാനിയാണവർ. വാസ്തവത്തിൽ ബ്രഹ്മം വസിക്കാനുള്ള സ്ഥാനമാണ്. അവിടെയാണ് നിങ്ങൾ ആത്മാക്കൾ വസിച്ചിരുന്നത്. സന്യാസിമാർ പറയുന്നു ഞങ്ങളതിൽ ലയിച്ചുചേരും. അവരുടെ ജ്ഞാനം മുഴുവൻ തലതിരിഞ്ഞതാണ്. ഇവിടെ പരിധിയില്ലാത്ത ബാബ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയാണ്. അവർ പറയുന്നത് ഭഗവാൻ 40,000 വർഷത്തിനുശേഷം വരും, ഇതിനെയാണ് പറയുന്നത് അജ്ഞാനത്തിന്റെ ഇരുട്ട്. ബാബ പറയുകയാണ് പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും ചെയ്യുന്നത് ഞാനാണ്. ഞാൻ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ് വിനാശം തൊട്ടുമുന്നിൽ തന്നെയുണ്ട്. ഇപ്പോൾ പെട്ടെന്ന് പാവനമായി മാറൂ അപ്പോൾ പാവനമായ ലോകത്തിലേക്ക് പോകാം. ഇത് പഴയതും തമോപ്രധാനവുമായ ലോകമാണ്. ലക്ഷ്മീ-നാരായണന്റെ രാജ്യമല്ല. ഇവരുടെ രാജ്യം പുതിയ ലോകത്തുണ്ടായിരുന്നു, ഇപ്പോഴില്ല. പുനർജ്ജന്മം എടുത്തുകൊണ്ടേവന്നതാണ്. ശാസ്ത്രങ്ങളിൽ എന്തെന്തെല്ലാം എഴുതിവച്ചിട്ടുണ്ട്. കൃഷ്ണനെ കാണിച്ചിരിക്കുന്നത് അർജ്ജുനന്റെ രഥത്തിൽ ഇരിക്കുന്നതായിട്ട്. അതിനർത്ഥം ഇതല്ല അർജ്ജുനന്റെയുള്ളിൽ കൃഷ്ണൻ ഇരുന്നിരുന്നു. കൃഷ്ണൻ ദേഹധാരിയായിരുന്നില്ലേ, യുദ്ധത്തിന്റെ കാര്യമേയില്ല. അവർ പാണ്ഡവരുടേയും കൗരവരുടേയും സൈന്യം വേറെ വേറെയാക്കി. ഇവിടെ ആ കാര്യങ്ങളൊന്നുമില്ല. ഭക്തിമാർഗ്ഗത്തിൽ അനവധി ശാസ്ത്രങ്ങളാണ്. സത്യയുഗത്തിൽ അനവധി ശാസ്ത്രങ്ങളില്ല. അവിടെ ജ്ഞാനത്തിന്റെ പ്രാലബ്ധമായ രാജധാനിയാണ്. അവിടെ സുഖം സുഖം മാത്രം. ബാബ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. തീർച്ചയായും പുതിയ ലോകത്തിൽ സുഖമുണ്ടായിരിക്കും. ബാബയെന്താ പഴയ കെട്ടിടമുണ്ടാക്കുന്നുണ്ടാകുമോ! ബാബ പുതിയ കെട്ടിടമാണുണ്ടാക്കുന്നത്. അത് പരിധിയുള്ള കെട്ടിടം. ഇവിടെ പുതിയ ലോകമാണുണ്ടാക്കുന്നത്, ഇതിനെയാണ് സതോപ്രധാനമെന്ന് പറയുന്നത്. ഇപ്പോൾ തമോപ്രധാനവും അപവിത്രവുമാണ്. ഇപ്പോൾ നിങ്ങൾ അന്യനായ രാവണന്റെ രാജ്യത്തിലാണിരിക്കുന്നത്.

രാമനെന്ന് പറയുന്നത് ശിവബാബയെയാണ്. രാമ രാമനെന്ന് പറഞ്ഞ് രാമനാമത്തിൽ ദാനം കൊടുക്കുന്നു. രാമനെവിടെ, ശിവബാബയെവിടെ. ഇപ്പോൾ ശിവബാബ നിങ്ങൾ കുട്ടികളോട് പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ. എവിടെനിന്നാണോ വന്നത് അവിടേക്കുതന്നെ വീണ്ടും പോകണം, ഏതുവരേക്ക്

ബാബയെ ഓർമ്മിച്ച് പവിത്രമായി മാറുന്നില്ലയോ അതുവരേക്കും തിരിച്ചുപോകാൻ സാധിക്കില്ല. നിങ്ങളിലും വിരളം പേരാണ് ബാബയെ നല്ലരീതിയിൽ ഓർമ്മിക്കുന്നത്. വായകൊണ്ട് പറയേണ്ട കാര്യമില്ല. ഭക്തിമാർഗ്ഗത്തിൽ രാമ-രാമനെന്ന് വായിലൂടെ പറയുന്നു. ചിലർ പറയുന്നില്ലെങ്കിൽ അവരെക്കുറിച്ച് ഇങ്ങനെ മനസ്സിലാക്കും ഇവർ നാസ്തികരാണ്. എത്ര ശബ്ദത്തോടുകൂടിയാണ് പാടുന്നത്. വൃക്ഷം എത്ര വലുതായിരിക്കുന്നു, അത്രയും ഭക്തിയുടെ സാധനങ്ങളും വലുതായിക്കൊണ്ടിരിക്കുകയാണ്. ബീജം എത്ര ചെറുതാണ്. നിങ്ങൾക്ക് ഒരു വസ്തുക്കളുമില്ല, ശബ്ദവുമില്ല. കേവലം - സ്വയം ആത്മാവാണെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. വായകൊണ്ട് പറയേണ്ടതുപോലുമില്ല. ലൗകികപിതാവിനെയും കുട്ടികൾ ബുദ്ധിയിലൂടെയാണ് ഓർമ്മിക്കുന്നത്. അച്ഛാ-അച്ഛാ എന്ന് പറയാറില്ലല്ലോ. നിങ്ങൾക്ക് ഇപ്പോഴറിയാം ആത്മാവിന്റെ പിതാവാരാണ്. ആത്മാക്കളെല്ലാവരും സഹോദരങ്ങളാണ്. ആത്മാവിന് പേരില്ല. ബാക്കി ശരീരത്തിന്റെ പേരാണ് മാറുന്നത്. ആത്മാവെന്ന് വച്ചാൽ ആത്മാവ്. ബാബ പരമാത്മാവ്. ബാബയുടെ പേര് ശിവനെന്നാണ്. ബാബക്ക് തന്റേതായി ശരീരമില്ല. ബാബ പറയുകയാണ് എനിക്ക് അഥവാ ശരീരമുണ്ടെങ്കിൽ പുനർജ്ജന്മത്തിലേക്ക് വരേണ്ടിവരുന്നു. പിന്നെ നിങ്ങൾക്ക് ആര് സത്ഗതി നൽകും? ഭക്തിമാർഗ്ഗത്തിൽ നിങ്ങളെന്നെ ഓർമ്മിച്ചിരുന്നു. അനേക ചിത്രങ്ങളാണ്. ഇപ്പോൾ നിങ്ങൾ നരകവാസികളിൽനിന്നും സ്വർഗ്ഗവാസികളായി മാറുകയല്ലേ. ജന്മമെടുത്തത് നരകത്തിലാണ്. മരിക്കുന്നത് സ്വർഗ്ഗത്തിലേക്കുവേണ്ടി. ഇവിടേക്ക് നിങ്ങൾ വന്നിരിക്കുന്നത് സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുവേണ്ടിയാണ്. എങ്ങിനെയാണോ പാലം ഉണ്ടാക്കുന്ന സമയത്ത് ആദ്യം അതിന്റെ ഫൗണ്ടേഷൻ ഇടുന്ന ചടങ്ങ് നടത്തും. പിന്നീടാണ് പാലമുണ്ടാക്കുന്നത്. സ്വർഗ്ഗത്തിന്റെ സ്ഥാപനയുടെ ഫൗണ്ടേഷൻ ചടങ്ങ് ബാബ ചെയ്തുകഴിഞ്ഞു, ഇപ്പോൾ തയ്യാറെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. എന്താ കെട്ടിടമുണ്ടാക്കാൻ സമയമെടുക്കുമോ? ഗവൺമെന്റ് ചെയ്യാൻ തയ്യാറായി വന്നാൽ ഒരു മാസത്തിൽ കെട്ടിടം പണി നടക്കും. വിദേശങ്ങളിൽ കെട്ടിടം തയ്യാറായത് ലഭിക്കും. സ്വർഗ്ഗത്തിൽ വളരെ വിശാല ബുദ്ധിയും സതോപ്രധാനവുമായിരിക്കും. സയൻസിന്റെ ബുദ്ധി വളരെ തീവ്രമായിരിക്കും. പെട്ടെന്ന് തയ്യാറാകും. കെട്ടിടങ്ങളിൽ രത്നങ്ങൾ പതിപ്പിച്ചിട്ടുണ്ടാകും ഇന്നത്തെ കാലത്ത് അനുകരിച്ച് കൃത്രിമം എത്ര പെട്ടെന്നാണ് തയ്യാറായിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥമായതിനേക്കാളും കൂടുതൽ തിളക്കമുണ്ടാകും. ഇന്നത്തെ കാലത്ത് യന്ത്രങ്ങളിലൂടെ പെട്ടെന്നുണ്ടാക്കുന്നു. അവിടെ കെട്ടിടങ്ങളു ണ്ടാക്കാൻ സമയമെടുക്കില്ല. വൃത്തി യാക്കുന്നതിന് സമയമെടുക്കും. സമുദ്രത്തിൽനിന്നും സ്വർണ്ണത്തിന്റെ ദ്വാരക പൊങ്ങിവരുമെന്നല്ല. ബാബ പറയുകയാണ് കഴിക്കൂ കുടിക്കൂ, കേവലം ബാബയെ ഓർമ്മിക്കൂ. എങ്കിൽ വികർമ്മം വിനാശമാകും, അല്ലാതെ മറ്റൊരു ഉപായമില്ല. ജന്മജന്മാന്തരങ്ങളായി ഗംഗാസ്നാനമെല്ലാം ചെയ്തുകൊണ്ടുവരികയായിരുന്നു പക്ഷേ മുക്തിയും ജീവന്മുക്തിയും നേടിയില്ല. ഇവിടെ ബാബ പാവനമായി മാറാനുള്ള യുക്തി പറഞ്ഞുതരികയാണ്. ബാബ പറയുകയാണ് ഞാൻ തന്നെയാണ് പതിത-പാവനൻ. നിങ്ങളെന്നെ വിളിച്ചിട്ടുണ്ടായിരുന്നു അല്ലയോ പതിത-പാവനാ ബാബാ അങ്ങു വരൂ, വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ. ഡ്രാമ പൂർത്തിയാകുമ്പോൾ എല്ലാ അഭിനേതാക്കളും സ്റ്റേജിൽ വേണം. നിർമ്മാതാവും വേണം. എല്ലാവരും ഉണ്ടാകില്ലേ. ഇവിടേയും ഇങ്ങിനെയാണ്. എല്ലാ ആത്മാക്കളും വരും പിന്നീട് എല്ലാവരും തിരിച്ചുപോകും. ഇപ്പോൾ നിങ്ങൾ തയ്യാറായിട്ടില്ല. കർമ്മാതീതാവസ്ഥയിൽ എത്തിയിട്ടില്ലായെങ്കിൽ എങ്ങനെ വിനാശമുണ്ടാകും. ബാബ വന്നിരിക്കുകയാണ് നിങ്ങളെ പഠിപ്പിച്ച് പുതിയ ലോകത്തിലേക്ക് കൊണ്ടുപോകുന്നതിനായി, അവിടെ കാലൻ ഉണ്ടാകില്ല. നിങ്ങൾ കാലന്റെ മേൽ വിജയം നേടുന്നു. ആരാണ് വിജയം നേടിതരുന്നത്? കാലന്റെയും കാലൻ. ബാബ എത്രപേരെയാണ് കൊണ്ട്പോ കുന്നത്! നിങ്ങൾ സന്തോഷത്തോടെ പോകണം. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് എല്ലാവരുടേയും ദുഃഖത്തെ ദൂരെയാക്കാൻ അതുകൊണ്ടാണ് ബാബയുടെ മഹിമ പാടുന്നത്. ഗോഡ് ഫാദർ, മുക്തി നൽകൂ ഈ ദുഃഖത്തിൽനിന്ന്. ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും കൊണ്ടുപോകൂ. പക്ഷേ മനുഷ്യർക്കറിയുന്നില്ല ഇപ്പോൾ ബാബ സ്വർഗ്ഗത്തിന്റെ രചന രചിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകും ആ സമയത്ത് വൃക്ഷം വളരെ ചെറുതായിരിക്കും. പിന്നീട് വലുതാകും. ഇപ്പോൾ എല്ലാ ധർമ്മങ്ങളുമാണ്, സത്യയുഗത്തിൽ ഇപ്പോൾ ഒരു ധർമ്മമല്ല അനവധി ധർമ്മമാണ്. നാമം, രൂപം രാജ്യപദവി എല്ലാം മാറുന്നു. ആദ്യം നിങ്ങൾ ഡബിൾ കിരീടധാരിയും, പിന്നീട് സിംഗിൾ കിരീടധാരിയുമായി മാറുന്നു. സോമനാഥക്ഷേത്രം ഉണ്ടാക്കുമ്പോൾ എത്ര ധനമുണ്ടായിരുന്നു. വളരെ വലിയ ക്ഷേത്രം ഇതൊന്നായിരുന്നു ഇതാണ് കൊള്ളയടിച്ച് കൊണ്ട്പോയത്. ബാബ പറയുകയാണ് നിങ്ങൾ കോടിമടങ്ങ് ഭാഗ്യശാലിയായി മാറുന്നു. ഓരോ ചുവടിലും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ കോടികൾ സ്വരൂപിക്കാം. ബാബയെ ഓർമ്മിക്കുന്നതിലൂടെയാണ് ഇത്രയും സമ്പാദ്യമുണ്ടാകുന്നത്. ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കുന്നത് നിങ്ങൾ എന്ത്കൊണ്ട് മറക്കുന്നു?എത്രത്തോളം ബാബയെ ഓർമ്മിക്കുന്നോ, സേവനം ചെയ്യുന്നോ അത്രയും ഉയർന്ന പദവി ലഭിക്കും. നല്ല നല്ല കുട്ടികൾ പോകെ പോകേ വീണുപോകുന്നു. മുഖത്തെ കറുപ്പിച്ചാൽ സമ്പാദ്യം മുഴുവൻ ഇല്ലാതാകുന്നു. ശക്തിശാലിയായ ലോട്ടറി

നഷ്ടപ്പെടുത്തുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം-

1) ഗൃഹസ്ഥവ്യവഹാരത്തെ സംരക്ഷിച്ചുകൊണ്ടും ബുദ്ധിയോഗം ഒരു ബാബയോടൊപ്പം വെക്കണം, ഉപേക്ഷ കാണിക്കരുത്. പവിത്രതയുടെ ധാരണയിലൂടെ തന്റേയും സർവ്വരുടേയും മംഗളം ചെയ്യണം.

2) ഓർമ്മയാകുന്ന യാത്രയിലും പഠിപ്പിലുമാണ് സമ്പാദ്യം. സാക്ഷാത്കാരവും ദർശനവും ചുറ്റികറങ്ങലാണ് അതിൽ ഒരു പ്രയോജനവുമില്ല. എത്ര സാധിക്കുമോ ഉണർവ്വോടെ, ബാബയെ ഓർമ്മിച്ച് തന്റെ വികർമ്മം വിനാശം ചെയ്യണം.

### വരദാനം - ശ്രേഷ്ഠ സ്മൃതിയിലൂടെ ശ്രേഷ്ഠ സ്ഥിതിയും വായുമണ്ഡലവുമുണ്ടാക്കുന്ന, സർവ്വരുടെയും സഹയോഗിയായി ഭവിയ്ക്കട്ടെ.

യോഗത്തിന്റെ അർത്ഥമാണ് ശ്രേഷ്ഠ സ്മൃതിയിലിരിക്കുക. ഞാൻ ശ്രേഷ്ഠ ആത്മാവ് ശ്രേഷ്ഠമായ ബാബയുടെ സന്താനമാണ്. ഇങ്ങനെയൊരു സ്മൃതിയുണ്ടെങ്കിൽ മാത്രമാണ് സ്ഥിതി ശ്രേഷ്ഠമായിത്തീരുന്നത്. ശ്രേഷ്ഠ സ്ഥിതിയിലൂടെ ശ്രേഷ്ഠ വായുമണ്ഡലം സ്വതവേ ഉണ്ടാകുന്നു. ഇതിലൂടെ അനേക ആത്മാക്കളെ ആകർഷിക്കുവാൻ സാധിക്കുന്നു. എവിടെയെല്ലാം താങ്കൾ ആത്മാക്കൾ യോഗത്തിലിരുന്നു കൊണ്ട് കർമ്മങ്ങൾ ചെയ്യുന്നുവോ, അവിടെയുള്ള വാതാവരണവും വായുമണ്ഡലവും മറ്റുള്ളവർക്കും സഹയോഗം നൽകുന്നു. ഇങ്ങനെയുള്ള സഹയോഗി ആത്മാക്കളാണ് ബാബയ്ക്കും വിശ്വത്തിനും പ്രിയപ്പെട്ടത്.

### സ്ലോഗൻ - അചഞ്ചലമായ സ്ഥിതിയുടെ ആസനത്തിൽ ഇരിക്കുന്നതിലൂടെ തന്നെയാണ് രാജ്യ സിംഹാസനം ലഭിക്കുക.